ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) കേരളത്തിന്റെ വികസനയാത്രയിൽ പുതുചരിത്രം കുറിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നിന്നും നേരിട്ടുള്ള കയറ്റിറക്കുമതി പ്രവർത്തനങ്ങൾക്ക് തുടക്കമായി. മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം നിർവഹിച്ചു.

**Marking a new chapter in Kerala's development journey, direct import and export operations have commenced at Vizhinjam International Seaport. Chief Minister V. D. Satheesan inaugurated the operations.**

2) വിദേശ ഫണ്ടിങ്ങിൽ സുതാര്യത ഉറപ്പുവരുത്തുകയാണ് FCRA ഭേദഗതി ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.

**Union Minister Kiren Rijiju said that the FCRA Amendment Bill aims to ensure transparency in foreign funding.**

3) ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

**The BRICS Environment Ministers' Meeting is underway in New Delhi under the chairmanship of Union Minister Bhupender Yadav.**

4) കർണാടക പബ്ലിക് സർവീസ് കമ്മീഷൻ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസിൽ 21 സ്ഥലങ്ങളിൽ പരിശോധന നടത്തി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്.

**The Enforcement Directorate conducted searches at 21 locations in connection with a case related to irregularities in the Karnataka Public Service Commission.**

5) കേരള പോലീസിന്റെ എ.ഐ. ട്രാക്ക്, ഇന്റഗ്രേറ്റഡ് ബീറ്റ് മാനേജ്മെന്റ് സിസ്റ്റം, സൈബർ വാൾ എന്നീ പദ്ധതികൾക്ക് തുടക്കം കുറിച്ച് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.

**Home Minister Ramesh Chennithala launched Kerala Police initiatives including AI Track, the Integrated Beat Management System and Cyber Wall.**

6) നെതർലൻഡ്സിൽ നടക്കുന്ന എഫ്.ഐ.എച്ച് ലോകകപ്പ് വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും.

**India will take on South Africa today in the FIH Women's Hockey World Cup being held in the Netherlands.**

$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**VIZHINJAM CM (INTRO)**

***കേരളത്തിന്റെ വികസനയാത്രയിൽ പുതുചരിത്രം കുറിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നിന്നും നേരിട്ടുള്ള കയറ്റിറക്കുമതി പ്രവർത്തനങ്ങൾക്ക് ഇന്ന് തുടക്കമായി. മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം നിർവഹിച്ചു . കേരളത്തിൽ നിന്നുള്ള ഉത്പന്നങ്ങൾ സുഗമമായി ലോകമെമ്പാടും എത്തിക്കാൻ തുറമുഖ വികസനം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്വകാര്യ മൂലധനം തുറമുഖ വികസനത്തിന് ആവശ്യമാണെന്നും, ഇന്ത്യയിലെ ഏറ്റവും മികച്ച എ ഐ അധിഷ്ഠിത കയറ്റിറക്കുമതി സംവിധാനങ്ങളാണ് വിഴിഞ്ഞത്തുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.***

***(ഹോൾഡ് - മുഖ്യമന്ത്രി )***

***സംസ്ഥാന സർക്കാരിന്റെ 'മിഷൻ സമുദ്ര' പദ്ധതിയുടെ പ്രഖ്യാപനവും, ലോഗോ പ്രകാശനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. വ്യവസായ മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി ചടങ്ങിന് അധ്യക്ഷത വഹിച്ചു.***

$$$$$$$$$$$$$$$$$$$$$$$

**HEADLINE-2**

**FCRA-RIJIJU**

വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബില്ലിൽ പ്രതിപക്ഷ പാർട്ടികൾ തെറ്റായ പ്രചരണം നടത്തുന്നതായി ആരോപിച്ച് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. വിദേശ ഫണ്ടിങ്ങിൽ സുതാര്യത വരുത്തുകയാണ് FCRA ഭേദഗതി ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം ഒരു സ്വകാര്യ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി. ബിൽ സംയുക്ത പാർലമെന്ററി സമിതിയ്ക്ക് വിടാനുള്ള കേന്ദ്രസർക്കാരിൻറെ തീരുമാനത്തെയും അദ്ദേഹം പ്രശംസിച്ചു.

$$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**BRICS - ENVIRONMENT MEETING**

ബ്രിക്സ് പരിസ്ഥിതി മന്ത്രിമാരുടെ യോഗം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പുരോഗമിക്കുന്നു. കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവിന്റെ

അധ്യക്ഷതയിലാണ് യോഗം. ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരും, മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം, സുസ്ഥിര വികസനം തുടങ്ങിയവ കേന്ദ്രീകരിച്ചാണ് ചർച്ചകൾ നടക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$

## DEFENCE - PIL

'ആത്മനിർഭർ ഭാരത്' പദ്ധതിയുടെ ഭാഗമായി പ്രതിരോധ നിർമ്മാണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് രാജ്യരക്ഷാ മന്ത്രാലയം 405 തന്ത്രപ്രധാന ഉൽപ്പന്നങ്ങളുടെ ആറാമത് പട്ടിക വിജ്ഞാപനം ചെയ്തു. 3,070 കോടി രൂപയുടെ ബിസിനസ്സ് സാധ്യതയുള്ള വസ്തുക്കളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോസ്റ്റ് ഗാർഡുമായി ബന്ധപ്പെട്ട 16 ഇനങ്ങളും പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 389 ഇനങ്ങളും പട്ടികയിലുണ്ട്. പ്രതിരോധ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിന് ആവശ്യമായ ഘടകങ്ങൾ, ഉപസംവിധാനങ്ങൾ, അസംസ്കൃത വസ്തുക്കൾ, സ്പെയർ പാർട്സുകൾ എന്നിവ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നത് നിർത്തി പകരം രാജ്യത്തിനകത്ത് തന്നെ ഉൽപ്പാദിപ്പിക്കാനാണ് മന്ത്രാലയം ലക്ഷ്യമിടുന്നത്. ഇന്ത്യൻ വ്യവസായ മേഖലയ്ക്ക് ഇത് കൂടുതൽ അവസരങ്ങൾ നൽകുന്നതിന് പുറമേ, ആഭ്യന്തര പ്രതിരോധ ഉൽപ്പാദനത്തെയും ശക്തിപ്പെടുത്തും.

$$$$$$$$$$$$$$$$$$$$$$$$

## AMITH SHAH

സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി രാജ്യത്ത് ആക്രമണങ്ങൾ നടത്താൻ പദ്ധതിയിട്ട ഐ.എസ്.ഐ പിന്തുണയുള്ള ഷഹ്സാദ് ഭട്ടി നെറ്റ്‌വർക്ക് എന്ന ഭീകരസംഘടനയെ തകർത്തതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. 14 സംസ്ഥാനങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ ഏകോപിപ്പിച്ചുള്ള റെയ്ഡുകൾ നടത്തി ഭീകര ശൃംഖലയെ തകർത്തതായും, 200-ലധികം ഭീകരപ്രവർത്തകരെ അറസ്റ്റ് ചെയ്തതായും അദ്ദേഹം അറിയിച്ചു. പാകിസ്ഥാൻ ആയുധ ഫാക്ടറിയുടെ മുദ്രയുള്ള ഗ്രനേഡുകൾ, സ്ഫോടകവസ്തുക്കൾ, തുടങ്ങിയവ പിടിച്ചെടുത്തതായും ശ്രീ അമിത് ഷാ വ്യക്തമാക്കി .

$$$$$$$$$$$$$$$$$$$$$$$$$

## JHARKHAND-PROTEST

ഝാർഖണ്ഡിൽ പരീക്ഷാ ക്രമക്കേടിലെ വിദ്യാർത്ഥി പ്രതിഷേധത്തെ തുടർന്ന് TDPL ഏജൻസി നടത്തിയ JSSC-CGL പരീക്ഷയും മറ്റ് എല്ലാ മത്സര പരീക്ഷകളും റദ്ദാക്കി. മുഖ്യമന്ത്രി ഹേമന്ത് സോറന്റെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടത്. ഇതിനു പുറമെ 2014 മുതൽ ഝാർഖണ്ഡ് പബ്ലിക് സർവ്വീസ് കമ്മീഷനും, ഝാർഖണ്ഡ് സ്റ്റാഫ് സെലക്ഷൻ കമ്മീഷനും നടത്തിയ എല്ലാ പരീക്ഷകളിലും സമഗ്ര അന്വേഷണം നടത്താനും സർക്കാർ ഉത്തരവിട്ടു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

## ED-KPSC

കർണാടക പബ്ലിക് സർവീസ് കമ്മീഷനിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇന്ന് കർണാടകയിലും അഹമ്മദാബാദിലുമായി 21 സ്ഥലങ്ങളിൽ പരിശോധന നടത്തി . KPSC ഓഫീസ്, സസ്പെൻഡ് ചെയ്യപ്പെട്ട KPSC ചെയർമാന്റെ വസതി, എന്നിവിടങ്ങളിൽ ഉൾപ്പെടെയായിരുന്നു പരിശോധന. ഒ.എം.ആർ ഷീറ്റിൽ കൃത്രിമം കാണിച്ചതായും, ഗവൺമെൻറ് വെറ്ററിനറി ഓഫീസർ നിയമനത്തിൽ ഉദ്യോഗാർത്ഥികളോട് 80 ലക്ഷം രൂപ വരെ കൈക്കൂലി ആവശ്യപ്പെട്ടതായുമാണ് പരാതി.

$$$$$$$$$$$$$$$$$$$$$$$$$

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-5**

**RAMESH CHENNITHALA**

കേരള പോലീസിന്റെ എ.ഐ. ട്രാക്ക്, ഇൻറഗ്രേറ്റഡ് ബീറ്റ് മാനേജ്മെന്റ് സിസ്റ്റം, സൈബർ വാൾ എന്നീ പദ്ധതികളുടെ ഉദ്ഘാടനം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. ലോൺ ആപ്പ് പോലെയുള്ള തട്ടിപ്പുകൾ ഇല്ലാതാക്കാനും റോഡപകടങ്ങൾ കുറക്കാനും പോലീസ് പട്രോളിങ് ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കാനുമുള്ള പദ്ധതികൾക്കാണ് തുടക്കമായതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഓപ്പറേഷൻ തൂഫാനിൽ രാഷ്ട്രീയം കാണരുതെന്നും യുവതലമുറക്കായി ഒന്നിച്ചു പ്രവർത്തിക്കണമെന്നും ശ്രീ രമേശ് ചെന്നിത്തല ആവർത്തിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**ONAM –KANNUR DISTRICT (INTRO)**

***ചിങ്ങമാസത്തിന്റെ വരവോടെ നാടും നഗരവും ഓണത്തിരക്കിൽ അമരുകയാണ്. നഗരങ്ങളിൽ മേളകളും പ്രദർശനങ്ങളും സജീവമായി.***

***കണ്ണൂരിൽ നിന്നും ആകാശവാണി പ്രതിനിധി കെ ഓ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്..***

***(വോയിസ്)***

$$$$$$$$$$$$$$$$$$$$$$$$

**GURUVAYOOR**

കാർഷിക സമൃദ്ധിയുടെയും ഐശ്വര്യത്തിൻറെയും പ്രതീകമായ ഇല്ലംനിറ ചടങ്ങുകൾ ഗുരുവായൂർ ക്ഷേത്രത്തിൽ ഇന്ന് രാവിലെ നടന്നു. ആദ്യ കൊയ്ത്തിലെ നെല്ല് ഗുരുവായൂരപ്പന് സമർപ്പിക്കുന്ന ചടങ്ങാണിത്. പാരമ്പര്യ അവകാശികളായ അഴീക്കൽ മനയം കുടുംബാംഗങ്ങളാണ് കതിർക്കറ്റകൾ ക്ഷേത്രത്തിൽ എത്തിക്കുന്നത്. ചടങ്ങുകൾക്ക് ശേഷം പൂജിച്ച നെൽക്കതിരുകൾ ഭക്തർക്ക് വിതരണം ചെയ്യു.

$$$$$$$$$$$$$$$$$$$$$$$$

## HIMACHAL

ഹിമാചൽ പ്രദേശിൽ കനത്ത മഴ ജനജീവിതം ദുരിതത്തിലാക്കി. മാണ്ഡി ജില്ലയിലാണ് മഴ ഏറ്റവും ശക്തം. വെള്ളപ്പൊക്കവും, മണ്ണിടിച്ചിലും ഉണ്ടായ സാഹചര്യത്തിൽ 90-ഓളം റോഡുകൾ അടച്ച നിലയിലാണ്. മൺസൂൺ മഴക്കെടുതികളിൽ ഹിമാചലിൽ 80 പേർക്ക് ഇതുവരെ ജീവൻ നഷ്ടമായി. 994 കോടിയുടെ നാശനഷ്ടങ്ങളും സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉത്തരാഖണ്ഡിലെ ഗഢ്വാൾ മേഖലയിലും ശക്തമായ മഴ തുടരുകയാണ്. മഴയിലും മണ്ണിടിച്ചിലിലും നൂറോളം റോഡുകളിൽ ഗതാഗതം നിർത്തിവച്ചു. മഴയുടെ സാഹചര്യത്തിൽ ഡറാഡൂണിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

നെതർലൻഡ്സിൽ നടക്കുന്ന എഫ്.ഐ.എച്ച് ലോകകപ്പ് വനിതാ ഹോക്കിയിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. പുരുഷ ഹോക്കിയിൽ രണ്ടിനെതിരെ നാല് ഗോളുകൾക്ക് ഇന്നലെ ഇംഗ്ലണ്ട് – ഇന്ത്യയെ തോൽപ്പിച്ചിരുന്നു. ഇന്ത്യ-പാകിസ്ഥാൻ നിർണായക മത്സരം നാളെ നടക്കും.

$$$$$$$$$$$$$$$$$$$$$$$$$$$

## DAY. BWF WC DAY

ന്യൂഡൽഹിയിൽ നടക്കുന്ന BWF ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരങ്ങൾക്ക് വിജയത്തുടക്കം. പുരുഷ സിംഗിൾസിൽ യുവതാരം ആയുഷ് ഷെട്ടി , വനിതാ സിംഗിൾസിൽ മുൻനിര താരം പി വി സിന്ധു എന്നിവർ രണ്ടാം റൗണ്ടിൽ കടന്നു . വനിതാ ഡബിൾസിൽ ഇന്ത്യയുടെ തൃഷ ജോളി–ഗായത്രി ഗോപിചന്ദ് സഖ്യവും കവിപ്രിയ സെൽവം–സിമ്രാൻ സിംഗി സഖ്യവും രണ്ടാം റൗണ്ടിൽ പ്രവേശിച്ചു . പുരുഷ ഡബിൾസിൽ ഇന്ത്യയുടെ എം ആർ അർജുൻ–ഹരിഹരൻ അംശകരുണൻ സഖ്യവും രണ്ടാം റൗണ്ടിലേക്ക് യോഗ്യത നേടി.അതേസമയം മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ കപൂർ- ശിവാനി ഗാഡ്ഡി സഖ്യം കാനേഡിയൻ സഖ്യത്തോട് പരാജയപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$

## CRICKET

ഇന്ത്യ-ശ്രീലങ്ക ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ടെസ്റ്റിൽ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 5 വിക്കറ്റിന് 120 റൺസ് എന്ന നിലയിൽ. 298 റൺസിന്റെ ലീഡാണ് ഇന്ത്യയ്ക്കുള്ളത്. നാലാം ദിനമായ ഇന്ന് ബാറ്റിംഗ് ആരംഭിച്ച ഇന്ത്യയ്ക്ക് തുടക്കത്തിൽ തന്നെ ഓപ്പണർ യശസ്വി ജയ്സ്വാളിന്റെ വിക്കറ്റ് നഷ്ടമായെങ്കിലും കെ എൽ രാഹുൽ, ദേവദത്ത് പടിക്കൽ കൂട്ടുകെട്ട് ഇന്ത്യയ്ക്ക് മികച്ച തുടക്കം നൽകി.

$$$$$$$$$$$$$$$$$$$$$$$$$

## US President -voter ID card

ഇന്ത്യയുടെ വോട്ടർ ഐഡി കാർഡ് സംവിധാനത്തെ പ്രശംസിച്ച് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. യു. എസ്സിൽ കൂടുതൽ കർശനമായ തിരഞ്ഞെടുപ്പ് നിയമങ്ങൾ നടപ്പാക്കുന്നതിന് ഇന്ത്യയുടെ രീതി മാതൃകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഫെഡറൽ തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യുന്നതിന് കർശന നിബന്ധനങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിടുന്ന സേവ് അമേരിക്ക ആക്ട്, യുഎസ് കോൺഗ്രസ് പാസാക്കണമെന്ന അഭിപ്രായവും ട്രംപ് മുന്നോട്ടുവച്ചു.

$$$$$$$$$$$$$$$$$$$$$$$$$

## US-GAZA PLAN

ഗാസയിലെ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായുള്ള കൂടിക്കാഴ്ചയിൽ മികച്ച പുരോഗതി ഉണ്ടായതായി യുഎസ് പ്രത്യേക പ്രതിനിധി ജാരെഡ് കുഷ്നർ. ഗാസയുടെ പുനർനിർമ്മാണം, ഇസ്രായേലിന്റെ സുരക്ഷാ ആശങ്കകൾ എന്നിവയിലാണ് ചർച്ചകൾ കേന്ദ്രീകരിച്ചതെന്ന് കുഷ്നർ പറഞ്ഞു. ട്രംപ് ഭരണകൂടം ഈ മാസം ആദ്യം പ്രഖ്യാപിച്ച ഗാസ വെടിനിർത്തൽ കരാർ ഇസ്രായേൽ പ്രധാനമന്ത്രി നിരസിച്ചതിനെ തുടർന്നാണ് കൂടിക്കാഴ്ച.

$$$$$$$$$$$$$$$$$$$$$$$$$

## SEMICON INDIA

സെമിക്കോൺ ഇന്ത്യയുടെ അഞ്ചാം പതിപ്പ് അടുത്ത മാസം 17 മുതൽ ന്യൂഡൽഹിയിൽ നടക്കും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ 40 ലധികം രാജ്യങ്ങളിൽ നിന്നുള്ള 500 ലധികം പ്രദർശകരും 240ഓളം കമ്പനികളും പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി പരിപാടി ഉദ്ഘാടനം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$